എ.വൈ.ആർ

## സൂറ-11

# ഹൂദ്

وَهُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ وَكَانَ عَرْشُهُۥ عَلَى ٱلْمَآءِ
لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۗ وَلَئِن قُلْتَ إِنَّكُم مَّبْعُوثُونَ مِنۢ بَعْدِ ٱلْمَوْتِ
لَيَقُولَنَّ ٱلَّذِينَ كَفَرُوٓا۟ إِنْ هَـٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٧﴾

7 അവനത്രെ ആറുനാളുകളിലായി വാനലോകവും ഭൂലോകവും സൃഷ്ടിച്ചത്. അതിനുമുമ്പ് അവന്റെ സിംഹാസനം ജലത്തിന്മേലായിരുന്നു. നിങ്ങളിൽ ഏറ്റം നന്നായി കർമം ചെയ്യുന്നതാരെന്ന് പരീക്ഷിക്കാനത്രെ ഇതൊക്കെയും. പക്ഷേ, ഇപ്പോൾ പ്രവാചകൻ ജനത്തോട് നിങ്ങൾ മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന് പറയുമ്പോൾ, ഇതൊരു തെളിഞ്ഞ ആഭിചാരം തന്നെ എന്നത്രെ സത്യനിഷേധികൾ ഘോഷിക്കുന്നത്.

وَلَئِنْ أَخَّرْنَا عَنْهُمُ ٱلْعَذَابَ إِلَىٰٓ أُمَّةٍ مَّعْدُودَةٍ لَّيَقُولُنَّ مَا يَحْبِسُهُۥٓ ۗ
أَلَا يَوْمَ يَأْتِيهِمْ لَيْسَ مَصْرُوفًا عَنْهُمْ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ
يَسْتَهْزِءُونَ ﴿٨﴾

8 നാം ഒരു നിശ്ചിതകാലംവരെ ശിക്ഷ പിന്തിച്ചെന്നാൽ അവർ ചോദിക്കുന്നു: ശിക്ഷയെ തടഞ്ഞുനിർത്തുന്നതെന്ത്? അറിഞ്ഞിരിക്കുവിൻ! ദൈവിക ശിക്ഷ വന്നെത്തും നാളിൽ അവരിൽനിന്നതിനെ തിരിച്ചുവിടാനാരുമില്ല. അവർ പരിഹസിച്ചിരുന്നതുതന്നെ അവരിൽ വന്നുഭവിക്കുന്നു.

وَلَئِنْ أَذَقْنَا ٱلْإِنسَـٰنَ مِنَّا رَحْمَةً ثُمَّ نَزَعْنَـٰهَا مِنْهُ إِنَّهُۥ لَيَـُٔوسٌ كَفُورٌ ﴿٩﴾

9 മനുഷ്യനെ നമ്മുടെ അനുഗ്രഹമൊന്നു രുചിപ്പിക്കുകയും പിന്നീടതു പിൻവലിക്കുകയും ചെയ്താൽ തീർച്ചയായും അവൻ നിരാശനും നന്ദി കെട്ടവനുമാകുന്നു.

وَلَئِنْ أَذَقْنَٰهُ نَعْمَآءَ بَعْدَ ضَرَّآءَ مَسَّتْهُ لَيَقُولَنَّ ذَهَبَ ٱلسَّيِّـَٔاتُ عَنِّىٓ ۚ إِنَّهُۥ
لَفَرِحٌ فَخُورٌ ﴿١٠﴾

10 അവനെ ബാധിച്ച ദുരിതത്തിനുശേഷം ക്ഷേമമാസ്വദിപ്പിച്ചാലോ, തീർച്ചയായും അവൻ ഘോഷിക്കും: എന്റെ കഷ്ടപ്പാടുകളൊക്കെയും അകന്നു പോയിരിക്കുന്നു. മതിമറന്ന ഗർവിഷ്ഠൻ തന്നെയാണവൻ.

وَهُوَ= അവനാകുന്നു ٱلَّذِى خَلَقَ= സൃഷ്ടിച്ചവൻ ٱلسَّمَٰوَٰتِ= വാനലോകത്തെ
وَٱلْأَرْضَ= ഭൂലോകത്തെയും فِى سِتَّةِ أَيَّامٍ= ആറുനാളിൽ وَكَانَ= ആയിരുന്നു
عَرْشُهُۥ= അവന്റെ സിംഹാസനം عَلَى ٱلْمَآءِ= ജലത്തിന്മേൽ
لِيَبْلُوَكُمْ= (ഇതൊക്കെയും) നിങ്ങളെ പരീക്ഷിക്കാനത്രെ أَيُّكُمْ= നിങ്ങളിൽ ആർ(എന്ന്)
أَحْسَنُ= ഏറ്റം നന്നാ(യി)യവൻ عَمَلًا= കർമത്താൽ(കർമം ചെയ്യുന്നത്)
وَلَئِن قُلْتَ= (പ്രവാചകൻ) നീ പറഞ്ഞെങ്കിൽ(പറയുമ്പോൾ) إِنَّكُم= നിശ്ചയം നിങ്ങൾ
مَّبْعُوثُونَ= ഉയിർത്തെഴുന്നേൽപിക്കപ്പെടു(മെന്ന്)ന്നവരാകുന്നു
مِنۢ بَعْدِ ٱلْمَوْتِ= മരണാനന്തരം لَيَقُولَنَّ= തീർച്ചയായും ഘോഷിക്കുന്നു
ٱلَّذِينَ كَفَرُوٓا۟= സത്യനിഷേധികളായവർ إِنْ هَٰذَآ= ഇത് അല്ല
إِلَّا سِحْرٌ= ആഭിചാരം(തന്നെ)അല്ലാതെ مُّبِينٌ= ഒരു തെളിഞ്ഞ
وَلَئِنْ أَخَّرْنَا= നാം പിന്തിച്ചെന്നാൽ عَنْهُمُ ٱلْعَذَابَ= അവരിൽനിന്ന് ശിക്ഷ
إِلَىٰٓ أُمَّةٍ= ഒരു കാലംവരെ مَّعْدُودَةٍ= എണ്ണപ്പെട്ട(നിശ്ചിത)
لَّيَقُولُنَّ= തീർച്ചയായും അവർ പറയും(ചോദിക്കും) مَا= എന്താണ്
يَحْبِسُهُۥٓ= അതിനെ(ശിക്ഷയെ)തടഞ്ഞുനിർത്തുന്നു(ന്നത്) أَلَا= അറിയുവിൻ
يَوْمَ يَأْتِيهِمْ= അത് (ശിക്ഷ) വന്നെത്തും നാളിൽ لَيْسَ= (ആരും) ഇല്ല
مَصْرُوفًا= തിരിക്കപ്പെടുന്നത്(തിരിച്ചുവിടാൻ) عَنْهُمْ= അവരിൽനിന്ന്
وَحَاقَ بِهِم= അവരിൽ വന്നുഭവിക്കുന്നു, പിടികൂടുന്നു
مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ= അവർ പരിഹസിച്ചിരുന്നത് എന്തോ അത് (തന്നെ)
وَلَئِنْ أَذَقْنَا= നാം രുചിപ്പി(നുണപ്പി)ച്ചെങ്കിൽ
ٱلْإِنسَٰنَ= മനുഷ്യനെ مِنَّا= നമ്മിൽനിന്ന് رَحْمَةً= കാരുണ്യം, അനുഗ്രഹം
ثُمَّ نَزَعْنَٰهَا= പിന്നെ നാം അത് ഊരിക്കളയു(പിൻവലിക്കു)കയും ചെയ്തെങ്കിൽ
مِنْهُ= അവനിൽനിന്നു إِنَّهُۥ= തീർച്ചയായും അവൻ

لَيَـُٔوسٌ= തികഞ്ഞ നിരാശനാ(നും)കുന്നു كَفُورٌ= തീരെ നന്ദികെട്ടവനാ(നും)യ

وَلَئِنْ أَذَقْنَـٰهُ= നാം രുചിപ്പി(നുണപ്പി)ച്ചാൽ نَعْمَآءَ= ക്ഷേമം

بَعْدَ ضَرَّآءَ= ദുരിത(പീഢന)ത്തിനുശേഷം مَسَّتْهُ= അത് അവനെ സ്പർശിച്ചു(ബാധിച്ച)

لَيَقُولَنَّ= തീർച്ചയായും അവൻ ഘോഷിക്കും ذَهَبَ= (അകന്നു)പോയി

ٱلسَّيِّـَٔاتُ= തിന്മകൾ(എന്റെ കഷ്ടപ്പാടുകളൊക്കെ) عَنِّيٓ= എന്നിൽനിന്നു

إِنَّهُۥ= തീർച്ചയായും അവൻ لَفَـرِحٌ= മതിമറന്നവൻതന്നെ فَخُـورٌ= ഗർവിഷ്ഠനായ

**7:** ഓരോ ജീവിക്കും അതിന്റെ നിലനിൽപിനുള്ള ആഹാര വിഭവങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന അല്ലാഹു തന്നെയാണ് വാനലോകങ്ങളെയും ലോകത്തെയും ആറുഘട്ടങ്ങളിലായി സൃഷ്ടിച്ചത്. فِى سِتَّةِ أَيَّامٍ (ആറു നാളുകളിൽ) എന്നാണ് മൂലവാക്യം. ഇതിന്റെ ആശയം *ഖുർആൻ ബോധനം* നേരത്തെ ഈ വാക്ക് സൂറ *അൽഅഅ്റാഫ്* 54–ാം സൂക്തത്തിലും *യൂനുസ്* 3–ാം സൂക്തത്തിലും വന്നപ്പോൾ വിശദീകരിച്ചിരിക്കുന്നു. عرش ന്റെ ആശയവും അവിടെ വിശദീകരിച്ചിട്ടുണ്ട്.

നിലവിലുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടിയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഈ പ്രപഞ്ച സൃഷ്ടിക്കുമുമ്പ് വേറെ വല്ലതും സൃഷ്ടിക്കപ്പെട്ടിരുന്നുവോ എന്നും സൃഷ്ടിക്കപ്പെട്ടിരുന്നുവെങ്കിൽ അത് എന്തായിരുന്നു എന്നും നമുക്കറിഞ്ഞുകൂടാ. ആദിയിൽ പ്രപഞ്ചം വാതക രൂപത്തിലായിരുന്നുവെന്ന് ഖുർആനിൽ നിന്ന് വ്യക്തമാകുന്നുണ്ട്. പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

أَنَّ ٱلسَّمَـٰوَٰتِ وَٱلْأَرْضَ كَانَتَا رَتْقًا فَفَتَقْنَـٰهُمَا وَجَعَلْنَا مِنَ ٱلْمَآءِ كُلَّ شَىْءٍ حَىٍّ (വാനഭുവനങ്ങൾ ഒട്ടിച്ചേർന്നു കിടക്കുകയായിരുന്നു. നാം അവയെ വേർപെടുത്തുകയും ജലത്തിൽനിന്ന് സകല ജൈവ വസ്തുക്കളെയും ഉളവാക്കുകയും ചെയ്തു – 21:30). ആകാശലോകം വാതകമയമായിരുന്നു. ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ وَهِىَ دُخَانٌ (അനന്തരം അവൻ വാനലോകത്തേക്കു തിരിഞ്ഞു; അത് വാതകമയമായിരിക്കെ – 41:11). ആദിയിൽ ആകാശവും ഭൂമിയും വെവ്വേറെ ഉണ്ടായിരുന്നില്ല. എല്ലാം വാതക രൂപത്തിൽ ഒന്നുചേർന്നു കിടക്കുകയായിരുന്നു. അതിൽനിന്ന് ആദ്യം ജലസമൃദ്ധമായ ഭൂമിയെ ഉളവാക്കി. അപ്പോൾ ഭൂമിയിൽ കരപ്രദേശം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഭൂമിയിൽ അല്ലാഹുവിന്റെ അധികാരവും പ്രഭാവവും വിളങ്ങിയത് ജലത്തിന്മേലായിരുന്നു. ജലത്തിൽ ജൈവ വസ്തുക്കളെ ഉളവാക്കി. പിന്നെ ഭൂമിയിൽ കരപ്രദേശമുണ്ടായി. കരയിൽ സമതലങ്ങളും പർവതങ്ങളും ഉണ്ടായി. ജലത്തിലെ ജീവൻ കരയിലേക്ക് വ്യാപിച്ചു. വാനലോകത്തെ സപ്ത വാനങ്ങളായി വിതാനിച്ചു. അതിൽ ക്ഷീരപഥങ്ങളും സൗരയൂഥങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സംവിധാനിച്ചു.

ആദിയിൽ ഭൂമി ജലമയമായിരുന്നുവെന്ന് ബൈബിളും പറയുന്നുണ്ട്. ഉൽപത്തി പുസ്തകം 1:1,2ൽ പറയുന്നു: “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി ആകൃതിയില്ലാത്തതും ശൂന്യവുമായിരുന്നു. ഇരുട്ട് ആഴത്തിനുമീതെ പരന്നിരിക്കുന്നു. ദൈവ ചൈതന്യം ജലോപരി ചലിച്ചുകൊണ്ടിരുന്നു.”

വാനഭുവനങ്ങളുടെ പടിപടിയായുള്ള സൃഷ്ടിയും ഘടനാ സംവിധാനവും പ്രപഞ്ചം ഒരു കളികോപ്പല്ലെന്നും മറിച്ച് സോദ്ദേശ്യവും ആസൂത്രിതവും ലക്ഷ്യപൂർണവുമായ പദ്ധതിയാണെന്നും വിളിച്ചോതുന്നു. ആ ലക്ഷ്യം എന്താണെന്നാണ്

لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا എന്ന വാക്യം വ്യക്തമാക്കുന്നത്. അല്ലാഹു എല്ലാവർക്കും ആവശ്യമായ വിഭവങ്ങളൊരുക്കിവെച്ച് സുവ്യവസ്ഥിതമായ ഒരു ഭൂലോകവും അതിൽ ഇഛാശക്തിയും സ്വാതന്ത്ര്യവുമുള്ള മനുഷ്യരെയും സൃഷ്ടിക്കുകവഴി മനുഷ്യർക്ക് സ്വതന്ത്രമായ ഒരു കർമവേദി നൽകിയിരിക്കുകയാണ്; മനുഷ്യൻ അവനു നൽകിയ സ്വാതന്ത്ര്യവും ഇഛാശക്തിയും ശരിയായ രീതിയിൽ ഉപയോഗിച്ച് നന്നായി കർമം ചെയ്യുന്നുവോ അതോ തന്റെ സ്വാതന്ത്ര്യവും ഇഛാശക്തിയും മലിനപ്പെടുത്തി ദുഷ്കർമങ്ങളിൽ ഏർപ്പെടുന്നുവോ എന്നു പരീക്ഷിക്കാൻ. പ്രപഞ്ച സംവിധാനത്തിൽ അതിന്റെ സംവിധായകന്റെയും സംവിധാന വൈഭവത്തിന്റെയും ദൃഷ്ടാന്തം കാണാൻ കഴിയുന്നവർക്കേ ഇതു മനസ്സിലാക്കാൻ കഴിയൂ. ബുദ്ധിയെയും ഇഛാസ്വാതന്ത്ര്യത്തെയും, ജഡികാസക്തികൾക്കും നൈമിഷിക വികാരങ്ങൾക്കും അടിമപ്പെടുത്തി മലിനമാക്കിയവർ പ്രപഞ്ചത്തെ അലക്ഷ്യവും ആകസ്മികവുമായ വ്യഥാ സൃഷ്ടിയായേ കാണൂ. സ്വന്തം ജന്മത്തെയും അവരങ്ങനെയാണ് വീക്ഷിക്കുക. ആകസ്മികമായി ജന്മം കൊണ്ട് ആകസ്മികമായി മരിച്ച് മണ്ണടിഞ്ഞുപോകുന്നു. മരണാനന്തരം ഒന്നുമില്ല. യാഥാർഥ്യം അതല്ല എന്ന സത്യപ്രബോധനങ്ങളൊന്നും സ്വീകരിക്കാൻ അവർ തയാറാവുകയില്ല. പ്രപഞ്ചം ലക്ഷ്യോന്മുഖവും ആസൂത്രിതവുമാണെങ്കിൽ, മനുഷ്യജന്മം കർമപരീക്ഷണമാണെങ്കിൽ, പ്രപഞ്ചത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്ന, കർമപരീക്ഷണത്തിന്റെ ഫലമുളവാകുന്ന ഒരവസരം ഉണ്ടാവുക അനിവാര്യമാണ്. ഭൗതിക ജീവിതത്തിൽ അതുണ്ടാകുന്നില്ലെങ്കിൽ മരണാനന്തരം ഉണ്ടായേ തീരൂ. പക്ഷേ, അതുണ്ടാകുമെന്നും അതിനുവേണ്ടി മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും പറയുമ്പോൾ സ്രഷ്ടാവിനെയും സൃഷ്ടി യാഥാർഥ്യത്തെയും നിഷേധിക്കുന്നവർ അതിനെ വെറും ആഭിചാരമായി തള്ളിക്കളയുന്നു. തെളിഞ്ഞ ആഭിചാരം –سِحْرٌ مُّبِينٌ– എന്നു പറയുമെന്നാണ് മൂലത്തിലുള്ളത്. ആഭിചാരം, കൂടോത്രം, മന്ത്രവാദം, മന്ത്രവാദകർമം തുടങ്ങിയ അർഥങ്ങളിലെല്ലാം ഉപയോഗിക്കുന്ന പദമാണ് سحر. ആകർഷണം, വശീകരണം എന്നാണ് ഈ പദത്തിന്റെ ഭാഷാർഥം. ആളുകളെ ഭ്രമിപ്പിക്കുകയും വശീകരിക്കുകയും മയക്കുകയുമൊക്കെ ചെയ്യുന്ന സംഗതി എന്ന അടിസ്ഥാനത്തിലാണ് ആഭിചാരാദികളെ سحر എന്നു വിളിക്കുന്നത്. പ്രവാചകന്റെ മുന്നറിയിപ്പുകളും സുവിശേഷങ്ങളുമൊക്കെ ആളുകളെ മയക്കുകയും ഭ്രമിപ്പിക്കുകയും ചെയ്യുന്ന വശീകരണ തന്ത്രം മാത്രമാകുന്നു, അതിലൊന്നും യാഥാർഥ്യ ലേശമില്ല എന്നാണവർ പറയുന്നത്. ഇതിന്റെ ആധുനിക ഭാഷ്യമാണ്, 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന സിദ്ധാന്തം.

**8:** أمّةന്റെ സാധാരണ അർഥം, സവിശേഷ സംസ്കാരമോ ആദർശമോ ഉള്ള സമൂഹം എന്നാണെങ്കിലും ഇവിടെ 'കാലയളവ്' എന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഉമ്മത്തിന്റെ മൗലികമായ അർഥം 'കാലയളവ്' എന്നുതന്നെയാണെന്ന് ഭാഷാ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. സൂറ *യൂസുഫ്* 45–ാം സൂക്തത്തിൽ وَادَّكَرَ بَعْدَ أُمَّةٍ (ഒരു ഉമ്മത്തിനു ശേഷം അയാൾ ഓർത്തു) എന്നു പറഞ്ഞതിലെ ഉമ്മത്തും കാലയളവ് എന്ന അർഥത്തിലുള്ളതാണ്.

പരലോകത്തെ ഉയിർത്തെഴുന്നേൽപിനെ പുഛിച്ചു തള്ളുന്നതുപോലെ, പ്രവാചകന്മാരുടെ ധർമോപദേശങ്ങൾ ധിക്കരിച്ച് അധർമങ്ങളിലും അനാചാരങ്ങളിലും ആറാടുന്നവർ ഭൗതിക ലോകത്തു ശിക്ഷിക്കപ്പെടുമെന്ന താക്കീതിനെയും പുഛിച്ചു തള്ളുന്നു. ആഹാ, അങ്ങനെയൊരു ദൈവശിക്ഷയുണ്ടെങ്കിൽ ദാ ഇപ്പോൾ തന്നെ ഞങ്ങൾക്കതൊന്നു കാണണം എന്ന് മുറവിളി കൂട്ടുന്നു. അല്ലാഹു ധിക്കാരികൾക്കുള്ള ശിക്ഷ വൈകിക്കുന്നുവെങ്കിൽ, അത് അവരോടുള്ള ദാക്ഷിണ്യംകൊണ്ടാണ്. അവർക്ക്

വീണ്ടുവിചാരത്തിനും വീണ്ടെടുപ്പിനുമുള്ള അവസരം വർധിപ്പിച്ചു കൊടുക്കുകയാണവൻ. പക്ഷേ, ആ അവസരം ആത്മസംസ്കരണത്തിന് ഉപയോഗപ്പെടുത്തുന്നതിനു പകരം, പ്രവാചകന്റെ ശിക്ഷാ മുന്നറിയിപ്പിനെ വ്യാജ വിരട്ടലായി പരിഹസിക്കാനുള്ള അവസരമായിട്ടാണ് ഈ നിർഭാഗ്യവാന്മാർ ഉപയോഗിക്കുന്നത്. ദൈവശിക്ഷയുണ്ടെങ്കിൽ എന്താണതിങ്ങു വരാത്തത്, ആരാണതിനെ തടഞ്ഞുവെച്ചിരിക്കുന്നത് എന്നവർ ചോദിക്കുന്നു. അവരുടെ ഈ ധാർഷ്ട്യവും ദൗർഭാഗ്യവും ശോചനീയമാണെന്ന് സൂചിപ്പിക്കുകയാണ് أَلَا يَوْمَ يَأْتِيهِمْ.... എന്നു തുടങ്ങുന്ന വാക്യം. ദൈവിക ശിക്ഷയൊന്നും ഒരിക്കലും ഉണ്ടാവില്ല. ദൈവമുണ്ടായിട്ടു വേണ്ടേ ദൈവശിക്ഷ! ഇനി അങ്ങനെയൊരു ശിക്ഷ ഉണ്ടായാൽ തന്നെ തങ്ങൾക്ക് അതിൽനിന്നൊക്കെ രക്ഷപ്പെടാൻ കഴിയും. ഇതാണവരുടെ മനോഗതം. എന്നാൽ അല്ലാഹുവിന്റെ ശിക്ഷയിൽനിന്നു അത് വിധിക്കപ്പെട്ടവർക്ക് ഒരിക്കലും രക്ഷപ്പെടാനാവില്ല. ആർക്കും അതിനെ അവരിൽനിന്ന് വഴിതിരിച്ചുവിടാനും കഴിയില്ല. തങ്ങൾ പുഛിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്ന വിപത്തുകളെന്തൊക്കെയാണോ അതൊക്കെയും അവരെ നിഷ്ഠുരമായി പിടികൂടുക തന്നെ ചെയ്യും.

**9,10:** അഭിരുചി, രുചി, അനുഭവം, ആസ്വാദനം തുടങ്ങിയ ആശയങ്ങളുള്ള ذوق ൽ നിന്നുള്ള സകർമകക്രിയയാണ് أَذَقْنَا. നുണപ്പിച്ചു അഥവാ അൽപം മാത്രം രുചിപ്പിച്ചു എന്ന അർഥത്തിലും أذاق എന്നു പറയും. എല്ലാ ജീവിത സൗഖ്യങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് رحمة. ദയയും കാരുണ്യവുമാണ് അതിന്റെ മൗലികമായ അർഥം. മനുഷ്യജീവിതത്തിലെ എല്ലാ സുഖസന്തോഷങ്ങളും പരമദയാലുവായ അല്ലാഹുവിന്റെ അനുഗ്രഹമാണ് എന്ന അടിസ്ഥാനത്തിൽ ജീവിത സൗഭാഗ്യങ്ങളെ رحمة എന്നു പറയുന്നു. نعمة ന്റെ മറ്റൊരു രൂപമാണ് نَعْمَآءَ സൗഭാഗ്യവും ക്ഷേമവുമാണ് نعمة. നിരാശനാണ് يؤس. ഇത് آيس ന്റെ വിശേഷണോത്തമരൂപമാണ്. വിശേഷണത്തെ ഒന്നുകൂടി ദൃഢീകരിക്കാനാണ് لَيَئُوسٌ എന്ന് ل ചേർത്തിരിക്കുന്നത്. كافر ന്റെ വിശേഷണോത്തമരൂപമാണ് كَفُورٌ. പീഡനം, ദുരിതം എന്നർഥമുള്ള ضر ന്റെ മറ്റൊരു രൂപമാണ് ضَرَّآءَ. പിടികൂടി, ബാധിച്ചു എന്ന അർഥത്തിൽ ഉപയോഗിച്ചിട്ടുള്ള مس യുടെ ഭാഷാർഥം 'തൊട്ടു' എന്നാണ്. ദുരിതം ബാധിച്ചു എന്ന അർഥത്തിൽ സാധാരണ ഉപയോഗിക്കുന്ന പദം أصابته ആണ്. ചില വ്യാഖ്യാതാക്കൾ ഭാഷാർഥം പരിഗണിച്ചുകൊണ്ട് مَسَّتْهُ വിനെ 'ലഘുവായി ബാധിച്ചു' എന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. ശരീരത്തിൽ നിന്ന് വസ്ത്രമുരിയുകയാണ് ഭാഷാർഥത്തിൽ نزع. അനുഗ്രഹ നഷ്ടത്തെ വസ്ത്രമുരിയലായി വർണിച്ചിരിക്കുകയാണ്. യാതൊന്നും അല്ലാതെയും ഇല്ലാതെയും ജനിക്കുന്ന മനുഷ്യനെ അല്ലാഹു അണിയിക്കുന്ന വസ്ത്രങ്ങളാണ് അവനനുഭവിക്കുന്ന എല്ലാ സൗഭാഗ്യങ്ങളും. سيئات (തിന്മകൾ) എന്ന പദം മനുഷ്യൻ നേരിടുന്ന എല്ലാ ഇല്ലായ്മകളെയും വല്ലായ്മകളെയും ഉൾക്കൊള്ളുന്നു. فرحة ന്റെ കർതൃപദമാണ് فرح. സന്തോഷം എന്ന അർഥത്തിലും ധാർഷ്ട്യം, നിഗളിപ്പ് എന്ന അർഥത്തിലും ഈ പദം ഉപയോഗിക്കുന്നു. രണ്ടാമതു പറഞ്ഞതാണ് ഇവിടെ ഉദ്ദേശ്യം. സ്വന്തം അവസ്ഥയിൽ ഊറ്റംകൊണ്ട് ഉദ്ധതനായി ഡംഭ് കാട്ടിനടക്കുന്നവനാണ് فَخُورٌ.

പ്രവാചകനെ എതിർക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ഖുറൈശികളെ മുന്നിൽ നിർത്തി, മനുഷ്യരിൽ പൊതുവായി കാണപ്പെടുന്ന ഒരു ദുഃസ്വഭാവത്തെക്കുറിച്ചുണർത്തുകയാണീ സൂക്തങ്ങൾ. സമ്പത്തോ അധികാരമോ ആരോഗ്യമോ അതുപോലുള്ള മറ്റേതെങ്കിലും സൗഭാഗ്യമോ ലഭിച്ചാൽ അതിന്റെ പേരിൽ അല്ലാഹുവിനോട് നന്ദി കാണിക്കുകയും അവന്റെ തൃപ്തിക്ക് വിധേയമായി അതു പ്രയോജനപ്പെടുത്തു

കയും ചെയ്യുന്നതിനു പകരം, അല്ലാഹുവിന്റെ മഹത്വവും സ്വന്തം എളിമയും വിസ്മരിച്ച് മതിമറക്കുന്നവരാണധികമാളുകളും. ലോകം തന്റെ കാൽക്കീഴിലാണെന്ന് അവർ ഭ്രമിക്കുന്നു. ധർമങ്ങൾ നിഷേധിക്കുന്നു. നൈതിക മൂല്യങ്ങളെ ധിക്കരിക്കുന്നു. മറ്റുള്ളവരുടെ തലയിൽ കയറുകയും അവരുടെ അവകാശങ്ങൾ പിടിച്ചു പറിക്കുകയും ചെയ്യുന്നു. അനുഭവിച്ചു വന്ന സൗഭാഗ്യങ്ങൾ നഷ്ടപ്പെട്ടാലോ, അവർ പെട്ടെന്ന് അങ്ങേയറ്റം നിരാശരായിത്തീരുന്നു. ജീവിതം അവർക്ക് നിഷ്ഫലവും നിരർഥകവുമായിത്തോന്നുന്നു. ലോകത്തെ മുഴുവൻ തങ്ങളുടെ ശത്രുവായി കാണുന്നു. തങ്ങൾക്ക് ഇക്കാലം വരെ സുഖസൗകര്യങ്ങളരുളിക്കൊണ്ടിരുന്ന ദൈവത്തെ നന്ദിയേതുമില്ലാതെ നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു.

അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊടുത്ത ദൈവം തന്നെയാണ് വസ്ത്രം ഊരിയെടുക്കുന്നതുപോലെ അതെല്ലാം പിൻവലിക്കുന്നതും ഇത് ദൈവം വെറുതെ ചെയ്യുന്നതല്ല. രണ്ടു കാരണങ്ങളുണ്ട് അതിനുപിന്നിൽ. ഒന്ന്, മനുഷ്യനെ പരീക്ഷിക്കുക. സൗഭാഗ്യങ്ങൾ നഷ്ടപ്പെട്ടാൽ അവന്റെ പ്രതികരണം എന്തായിരിക്കും? സൗഭാഗ്യത്തിന്റെയും ദൗർഭാഗ്യത്തിന്റെയും യാഥാർഥ്യം അവൻ മനസ്സിലാക്കുമോ? നിരാശനും നിഷ്ക്രിയനുമായ നിഷേധിയായിത്തീരുമോ? അതോ, അതുവരെ തനിക്കു വേണ്ടതെല്ലാം നൽകിക്കൊണ്ടിരുന്ന ദൈവത്തോട് നന്ദി പ്രകടിപ്പിക്കുകയും തന്നിൽ നിന്ന് ഊരിയെടുത്തതെല്ലാം തിരിച്ചു നൽകണമെന്ന് പ്രാർഥിക്കുകയും, അവന്റെ ഔദാര്യത്തിലും കാരുണ്യത്തിലും പ്രതീക്ഷയർപ്പിച്ചു പ്രവർത്തിക്കുകയും ചെയ്യുമോ? ഈ പരീക്ഷണം ചിലപ്പോൾ സജ്ജനങ്ങളും നേരിട്ടേക്കാം. അതുവഴി അവരുടെ സംസ്കാരത്തിന്റെയും ധർമബോധത്തിന്റെയും ദൈവവിശ്വാസത്തിന്റെയും ദൈവത്തോടുള്ള നന്ദിയുടെയും കൂറിന്റെയും മാറ്റ് തെളിയിക്കപ്പെടുന്നു. സൗഭാഗ്യങ്ങളിൽ ഗർവിഷ്ഠരായി ദൈവധിക്കാരപരമായ അധർമങ്ങളിലൂടെയും അതിക്രമങ്ങളിലൂടെയും തങ്ങൾ ദൈവാനുഗ്രഹങ്ങൾക്ക് അർഹരല്ലെന്ന് സ്വയം സ്ഥാപിക്കുകയാണ് അനുഗ്രഹനഷ്ടത്തിനുള്ള മറ്റൊരു കാരണം. ശക്തിയും സമ്പത്തുമെല്ലാം ചോർന്ന് പോയാൽ അവരിൽ ചിലർ അല്ലാഹുവിനെ ഓർക്കുകയും സ്വന്തം തെറ്റുകൾ സമ്മതിക്കുകയും ദൈവകാരുണ്യത്തിനു വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. സൂറ *ഫുസ്സിലത്ത്* 51-ാം സൂക്തം ഈ ആശയം ഇങ്ങനെ അവതരിപ്പിക്കുന്നു:

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَـٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو دُعَآءٍ
عَرِيضٍ

(മനുഷ്യന് ഔദാര്യം ചെയ്യുമ്പോൾ അവൻ നമ്മെ അവഗണിച്ചു നിഗളിച്ചു നടക്കുന്നു; ദോഷം പറ്റിയാലോ, അവൻ നീണ്ട പ്രാർഥനയിലേർപ്പെടുകയായി).

പീഡിതാവസ്ഥയിൽ താണുകേണു നടത്തിയ പ്രാർഥന സ്വീകരിച്ച് അല്ലാഹു വീണ്ടും ക്ഷേമൈശ്വര്യങ്ങൾ പ്രദാനം ചെയ്താൽ പലരുടെയും മട്ടു മാറുകയായി. അവർ പഴയപോലെ അല്ലെങ്കിൽ അതിലധികം ഗർവിഷ്ഠരും ഉദ്ധതരും ദൈവധിക്കാരികളും ധർമലംഘകരുമായി മാറുന്നു. എല്ലാം സ്വന്തം സാമർഥ്യംകൊണ്ട് വീണ്ടെടുത്തതായും ലോകത്തെ വീണ്ടും കാൽക്കീഴിലാക്കിയതായും ഭ്രമിക്കുന്നു. സൂറ *യൂനുസ്* 12-ാം സൂക്തം ഈ ആശയം ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്:

وَإِذَا مَسَّ ٱلْإِنسَـٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا أَوْ قَآئِمًا فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ مَّسَّهُۥ ۚ

(മനുഷ്യൻ ഒരു വിഷമസന്ധിയിൽ പെട്ടാൽ നിന്നും ഇരുന്നും കിടന്നും നമ്മോടു പ്രാർഥിച്ചുകൊണ്ടിരിക്കും. നാം ആ വിഷമം ദൂരീകരിച്ചാലോ, താൻ ഒരു വിഷമത്തിൽപെട്ട് അല്ലാഹുവിനോട് പ്രാർഥിച്ചിട്ടേയില്ല എന്ന മട്ടിലായിരിക്കും അവന്റെ നടപ്പ്). ■